"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ്- മുണ്ടേരി ഗ്രാമപഞ്ചായത്തിലെ ch.2/250 കിലോമീറ്ററിന് സമീപവും ch.06/100 കിലോമീറ്ററിന് സമീപമുവുള്ള അഴീക്കൽ ബ്രാഞ്ച് കനാലിന്റെ അറ്റകുറ്റപ്പണികളും നവീകരണവും എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.പി.) വകുപ്പ്**

സ.ഉ.(സാധാ) നം.264/2026/WRD തീയതി, തിരുവനന്തപുരം, 11-03-2026

---

പരാമർശം:- ഇറിഗേഷൻ പ്രൊജക്ട്സ്- I, ചീഫ് എഞ്ചിനീയറുടെ 24.02.2026 -ലെ CEP1/104/2026-WP2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ നിയോജക മണ്ഡലത്തിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ പഴശ്ശി കനാൽ നവീകരണം എന്ന പ്രവൃത്തിയ്ക്ക് 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1 കോടി രൂപ അടങ്കൽ തുക കണക്കാക്കുകയും 20 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. 2026 ജനുവരിയിൽ അഴിക്കൽ ബ്രാഞ്ച് കനാലിലൂടെ ജലവിതരണം നടത്തിയപ്പോൾ ch: 2/250km ലുള്ള കട്ട് ആൻഡ് കവറിന്റെ u/s വരെ വെള്ളം എത്തിയിരുന്നുവെന്നും തകർന്ന സ്ലാബും മണ്ണും കാരണം തുടർന്നു വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയാണ് ഉണ്ടായതെന്നും പ്രസ്തുത കട്ട് ആൻഡ് കവറിന്റെ റെക്ടിഫിക്കേഷൻ വർക്ക് പൂർത്തീകരിച്ചാൽ മാത്രമേ അഴിക്കൽ ബ്രാഞ്ച് കനാലിന്റെ തുടർന്ന് വരുന്ന ഭാഗത്തേക്ക് ജലവിതരണം നടത്താൻ സാധിക്കുകയുള്ളൂവെന്നും പരാമർശ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ബ്രാഞ്ച് കനാലിന്റെ Ch: 6/100km ഭാഗത്ത് 300 മീറ്റർ ദൂരത്തിൽ ലൈനിംഗ് പ്രവൃത്തിയും നടത്തേണ്ടത് കനാൽ സംരക്ഷിക്കുന്നതിനും ജലവിതരണം പുനഃസ്ഥാപിക്കുന്നതിനും അത്യന്താപേക്ഷിതമാണെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1 റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ "General-Budget works-2025-26 PyIP-Rectification and reformation of Azheekkal Branch canal near ch.2/250Km and near ch.06/100 Km in Munderi Grama panchayath-General civil Work" എന്ന പ്രവൃത്തിയുടെ 1 കോടി അടങ്കൽ തുക വരുന്ന ഡി.പി.ആർ. 4700-12-PYIP-800-97 Dam and Apprutenants' എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1 സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ നിയോജക

മണ്ഡലത്തിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബ്രാഞ്ച് കനാലിന്റെ **ch.2/250**കിലോമീറ്ററിന് സമീപവും **ch.06/100** കിലോമീറ്ററിന് സമീപമുവുള്ള അറ്റകുറ്റപ്പണികളും നവീകരണവും എന്ന പ്രവൃത്തിക്ക് **4700-12-PYIP-800-97 Dam and Appurtenant** എന്ന ശീർഷകത്തിൽ **1** കോടി രൂപ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ പ്രോജക്റ്റ് **1**, കാവേരി ഹൗസ്, വെസ്റ്റ് ഹിൽ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
ധനകാര്യ വകുപ്പ് (**04-03-2026** -ലെ **E-3437053 / I&PW-B3/60/2026-FIN** പ്രകാരം)
കരുതൽ ഫയൽ /ഓഫീസ് കോപ്പി (ഫയൽ നമ്പർ എം.പി3/24/2026- ജവിവ)

ഉത്തരവിൻ പ്രകാരം
**Signed by Hashim S**
**Date: 11-03-2026 11:07:55**
സെക്ഷൻ ഓഫീസർ